# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. **825** | 30/10/2019-ൽ മറുപടിയ്ക്ക്

## സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനത്തിനുള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. രാജു എബ്രഹാം :** | | **എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി)** | |
| (എ) | സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിന് ആവിഷ്കരിച്ചിട്ടുള്ള സർക്കാർ പദ്ധതി പ്രകാരം റാന്നി നിയോജക മണ്ഡലത്തിലെ ഏതൊക്കെ പട്ടിക വർഗ്ഗ കോളനികൾക്കാണ് ഒരു കോടി രൂപ വീതം അനുവദിച്ചിട്ടുള്ളത് എന്ന് കോളനികളുടെ പേരു സഹിതം വ്യക്തമാക്കാമോ; | (എ) യും<br><br>(ബി) യും | പത്തനംതിട്ട ജില്ലയിൽ റാന്നി നിയോജക മണ്ഡലത്തിൽ കരികുളം പട്ടിക വർഗ്ഗ സംങ്കേത മാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്.<br><br>ഈ കോളനിയിൽ പദ്ധതി നടത്തിപ്പിന്റെ നിർവ്വഹണ ഏജൻസിയായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെയാണ് തെരഞ്ഞെടു ത്തിട്ടുള്ളത്. |
| (ബി) | ഈ കോളനികളിൽ പദ്ധതി നടത്തിപ്പിന്റെ നിർവ്വഹണ ചുമതല ഏതെല്ലാം ഏജൻസികൾക്കാണ്; അറിയിക്കുമോ; | | |
| (സി) | ഏതൊക്കെ കോളനികളിലെ ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; ഇനിയും പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതൊക്കെ; എന്തു കാരണത്താലാണ് പൂർത്തിയാക്കാത്തത്; വിശദമാക്കുമോ; | (സി) | കരികുളം പട്ടിക വർഗ്ഗ സങ്കേതത്തിൽ സംരക്ഷണ ഭിത്തി, കിണറിന്റെ ആഴം കൂട്ടൽ, നിലവിലുള്ള കമ്യൂണിറ്റി ഹാളിന്റെ രണ്ടാം നിലയുടെ നിർമ്മാണം, ടി കമ്യൂണിറ്റി ഹാളിനോട് ചേർന്ന് ടോയ്‌ലറ്റ് നിർമ്മാണം, റോഡുകളുടെ കോൺക്രീറ്റ്, ലോക്ക് കട്ട പാകൽ എന്നീ പ്രവർത്തികളാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി മുഖേന നടപ്പിലാക്കുന്നത്. ടി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചു നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

<table>
<tr><td>(ഡി)</td><td>മൊബലൈസേഷൻ അഡ്വാൻസ് വാങ്ങിയിട്ടും പദ്ധതി പൂർത്തിയാക്കാത്ത നിർവ്വഹണ ഏജൻസിയിൽ നിന്നും, അധിക തുക വാങ്ങിയിട്ടുണ്ടെങ്കിൽ അത് തിരിച്ചുപിടിക്കാനും മറ്റേതെങ്കിലും ഏജൻസിയെ കൊണ്ട് പദ്ധതി പൂർത്തീകരിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;</td><td>(ഡി) യും</td><td rowspan="2">കരികുളം പട്ടിക വർഗ്ഗ സങ്കേതത്തിൽ നിലവിൽ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കുന്നതിനുള്ള തുക നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുകയിൽ നിന്നും കണ്ടെത്തുന്നതിന് ഭരണാനുമതി ലഭിച്ച ഉടൻ തന്നെ 17/09/19-ൽ പ്രവർത്തികൾ ആരംഭിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് മൊബിലൈസേഷൻ അഡ്വാൻസ് തുക അനുവദിച്ചു നൽകിയിട്ടുണ്ട്.</td></tr>
<tr><td>(ഇ)</td><td>തുക അനുവദിച്ച് ഉത്തരവായിട്ടും ഏതെങ്കിലും കോളനികളുടെ വികസന പദ്ധതികൾ ഇനിയും ആരംഭിക്കാതെയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; എന്തുകൊണ്ടാണ് താമസം നേരിട്ടത്;<br><br>ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?</td><td>(ഇ) യും</td></tr>
</table>

സെക്ഷൻ ഓഫീസർ